**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6711** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ സമ്പ്രദായം പുന:സംഘടിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടിന് അനുസൃതമായി സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം പുന:സംഘടിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | • നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി വിദ്യാകിരണം പ്രവർത്തനങ്ങൾ ആരംഭിച്ചു. ഭൗതിക സൗകര്യങ്ങൾ വിപുലമായ തോതിൽ പുതിയ കാലത്തിനനുസരിച്ച് പരിഷ്കരിക്കുന്നതിന് കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.<br>• കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ട് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കുവാൻ സർക്കാർ നടപടികൾ പൂർത്തിയായി വരുന്നു. ഇതിന്റെ ഭാഗമായി ജനകീയ ചർച്ചകളും വിദ്യാർത്ഥികളുമായുള്ള ചർച്ചകളും പൂർത്തിയായി. വ്യത്യസ്ത വിഷയങ്ങളുടെ നിലപാട് രേഖകൾ തയ്യാറാക്കി. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ചട്ടക്കൂടുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>• അക്കാദമിക രംഗത്തെ നവീകരണത്തിന് വേണ്ടി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തി. കുട്ടികളുടെ നിരന്തര മൂല്യനിർണയം നടപ്പിലാക്കുന്നതിന് വേണ്ടി 'സഹിതം പോർട്ടൽ' വികസിപ്പിച്ചു.<br>• സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ പഠനപൂരക പ്രവർത്തനങ്ങളായി വ്യത്യസ്ത വിഷയങ്ങളിൽ കുട്ടികൾ അനുഭവപ്പെടുന്ന പ്രയാസങ്ങൾ തിരിച്ചറിഞ്ഞു പരിഹരിക്കുന്നതിന് വിവിധങ്ങളായ ഇടപെടലുകൾ നടത്തി.<br>• വിദ്യാലയങ്ങൾക്ക്, സ്വയം നവീകരിക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ ഒരുക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാനുകൾ വിദ്യാലയങ്ങൾ തയ്യാറാക്കി. ക്ലാസ്സ് തലത്തിലും ഓരോ വിദ്യാർത്ഥിയെയും |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിട്ട് മാസ്റ്റർ പ്ലാനുകൾ രൂപീകരിച്ച് വരുന്നു. |
| (ബി) | ഇതിലൂടെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരത്തിലും ഗ്രഹണപാടവത്തിലും ഉയർച്ചയുണ്ടായതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | • ടേം പരീക്ഷകളിലും പൊതു പരീക്ഷകളിലും വിദ്യാർത്ഥികളുടെ നിലവാരം ഉയർന്നിട്ടുണ്ട്.<br>• വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ ഉണ്ടായ പുരോഗതി ശാസ്ത്രീയമായി വിലയിരുത്തുന്നതിന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ നേതൃത്വത്തിൽ ഫെബ്രുവരി മാസത്തിൽ സ്റ്റേറ്റ് അച്ചീവ്മെന്റ് സർവേ നടത്തിയിട്ടുണ്ട്. ഇതിന്റെ ഫലങ്ങൾ ക്രോഡീകരിച്ചു വരുന്നു.<br>• വിദ്യാഭ്യാസ ഗുണനിലവാരത്തിന്റെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപിലാണ് എന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ PGI, SEQI തുടങ്ങിയ പഠന റിപ്പോർട്ടുകളിൽ നിന്ന് വ്യക്തമാണ്. |
| (സി) | വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് എന്ത് ഇടപെടലാണ് ഇതിനകം നടത്തിയതെന്ന് വ്യക്തമാക്കാമോ? | (സി) | • കുട്ടികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് അവരെ സഹായിക്കുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകി.<br>• ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ സൗഹൃദ ക്ലബ്ബുകൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തി. കരിയർ ഗൈഡൻസ് സെന്ററുകളും കുട്ടികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുണ്ട്.<br>• തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ കൗൺസിലർമാരുടെ സ്ഥിര സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്.<br>• പരീക്ഷാ സമയങ്ങളിൽ കുട്ടികൾക്ക് അനുഭവപ്പെടുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ഹെൽപ്പ് ഡസ്കുകൾ രൂപീകരിച്ചു. |

സെക്ഷൻ ഓഫീസർ